# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 699 — 16/07/2012 ൽ മറുപടിക്ക്

## അദ്ധ്യാപകർക്കുള്ള പാഠ്യപദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി. പി. മുഹമ്മദ് :<br>,, സണ്ണി ജോസഫ് :<br>,, എം. എ. വാഹീദ് :<br>,, റ്റി. എൻ. പ്രതാപൻ: | ശ്രീ.പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| എ) സംസ്ഥാനത്തെ അദ്ധ്യാപകർക്ക് വേണ്ടി പുതിയ പാഠ്യപദ്ധതിയുടെ കരട് തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കുമോ; | എ) അദ്ധ്യാപക പരിശീലനത്തിനായി മൊഡ്യൂൾ തയ്യാറാക്കിയിട്ടുണ്ട്. ഇൻ സർവ്വീസ് ടീച്ചർ എഡ്യൂക്കേഷൻ കരിക്കുലത്തിന്റെ ഭാഗമായി പരിശീലന മൊഡ്യൂളുകളെ പരിഗണിക്കാവുന്നതാണ്. പ്രീ സർവ്വീസ് കരിക്കുലം പരിഷ്ക്കരിക്കുന്നതിനുള്ള തയ്യാറെടുപ്പുകൾ ആരംഭിച്ചിട്ടേയുള്ളൂ. |
| ബി) ആരാണ് ഇത് തയ്യാറാക്കിയിട്ടുള്ളത്; വിശദമാക്കുമോ; ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ? | ബി) എസ്.സി.ഇ.ആർ.ടിയാണ് ഇത് തയ്യാറാക്കിയിട്ടുള്ളത്; അദ്ധ്യാപക പരിശീലനത്തിനുവേണ്ടി മൊഡ്യൂൾ വികസിപ്പിച്ചത് ദീർഘമായ പ്രക്രിയയിലൂടെയാണ്. മൂന്നു മാസത്തോളം ഇത് നീണ്ടുനിന്നു. സ്കൂൾ അദ്ധ്യാപകർ, ഡയറ്റ് ഫാക്കൽറ്റികൾ, ട്രെയിനിംഗ് കോളേജ് അദ്ധ്യാപകർ, സർവകലാശാല മാനേജ്മെന്റ് വിഭാഗം ഫാക്കൽറ്റികൾ, പ്രൊഫഷണലുകൾ, തുടങ്ങിയവരുടെ സേവനം ഇതിനായി എസ്.സി.ഇ.ആർ.ടി പ്രയോജനപ്പെടുത്തിയിട്ടുണ്ട്; അദ്ധ്യാപകരുടെ വ്യക്തിത്വവികസനത്തിനും ശാക്തീകരണത്തിനും ഊന്നൽ നൽകുന്നതാണ് ഈ പരിശീലനം. വിവര സാങ്കേതിക വിദ്യയും നൈപുണികൾ വളർത്തുകയും ഇതിന്റെ ലക്ഷ്യമാണ്. പുതിയ സഹസ്രാബ്ദത്തിലേക്ക് അദ്ധ്യാപകരെ പരിവർത്തനം ചെയ്യിക്കുകയും പുതിയ കാഴ്ചപ്പാടോടെ മാറ്റി എടുക്കുകയും ചെയ്യുക എന്നതും ഈ പാഠ്യപദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യത്തിൽ പെടുന്നു |

സെക്ഷൻ ഓഫീസർ